110-ാം ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിനത്തോടനുബന്ധിച്ച് പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ സന്ദേശം

(ഞായർ, 29 സെപ്റ്റംബർ 2024)

# ദൈവം തന്റെ ജനത്തോടൊപ്പം നടക്കുന്നു...

പ്രിയ സഹോദരീ സഹോദരന്മാരേ!

മെത്രാന്മാരുടെ സിനഡിന്റെ പതിനാറാം സാധാരണ ജനറൽ അസംബ്ലിയുടെ ആദ്യ സമ്മേളനം സമാപിച്ചത് ഈ കഴിഞ്ഞ ഒക്ടോബർ 29 നായിരുന്നു. സഭയുടെ അടിസ്ഥാനമായ വിളിയുടെ ഭാഗമായ സിനഡാലിറ്റിയെക്കുറിച്ചുള്ള നമ്മുടെ ധാരണ ആഴപ്പെടുത്താൻ ഈ സമ്മേളനം ഞങ്ങളെ അനുവദിക്കുകയുണ്ടായി. ദൈവജനത്തിന്റെ സംയുക്തയാത്രയായും ദൈവരാജ്യത്തിന്റെ വരവിനായുള്ള സേവനത്തിൽ വിവിധങ്ങളായ ശുശ്രൂഷകളും കൃപകളും തമ്മിലുള്ള ഫലപ്രദമായ സംവാദമായിട്ടുമാണ് സിനഡാലിറ്റി പ്രധാനമായും അവതരിപ്പിക്കപ്പെടുന്നത്. (സിന്തസിസ് റിപ്പോർട്ട്, ആമുഖം).

സിനഡൽ മാനത്തിന് ഊന്നൽ നൽകുന്നത് സഭയെ അതിന്റെ സഞ്ചാര സ്വഭാവം വീണ്ടും കണ്ടെത്താൻ അനുവദിക്കുന്നു, ദൈവജനം തീർത്ഥാടനത്തിനായി ചരിത്രത്തിലൂടെ സ്വർഗ്ഗ രാജ്യത്തിലേക്ക് സഞ്ചരിക്കുന്നതുപോലെ, 'കുടിയേറുന്നതുപോലെയെന്ന്' നമുക്ക് പറയാം. (cf. Lumen Gentium, 49). വിശുദ്ധഗ്രന്ഥത്തിലെ പുറപ്പാടിന്റെ വിവരണം വായിക്കുമ്പോൾ, വാഗ്ദത്തദേശത്തേക്കുള്ള അവരുടെ വഴികളെ ഇസ്രായേല്യർ ചിത്രീകരിക്കുന്നത് സ്വാഭാവികമായും മനസ്സിലേക്കെത്തും. ദൈവവുമായുള്ള അവസാന മുഖാമുഖത്തിനായുള്ള സഭയുടെ യാത്രയ്ക്ക് മുന്നോടിയായുള്ള അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു നീണ്ട യാത്ര.

അതുപോലെ, നമ്മുടെ കാലത്തെ കുടിയേറ്റക്കാരിൽ, എല്ലാ കാലഘട്ടങ്ങളിലെയും പോലെ, നിത്യമായ മാതൃരാജ്യത്തിലേക്കുള്ള അവരുടെ വഴിയിൽ ദൈവജനത്തിന്റെ ജീവനുള്ള ചിത്രം കാണാൻ കഴിയും. അവരുടെ പ്രത്യാശയുടെ യാത്രകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് 'നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്, അവിടെ നിന്നാണ് കർത്താവായ യേശുക്രിസ്തുവിനെ നാം പ്രതീക്ഷിക്കുന്നത്' (ഫിലി 3:20) എന്നാണ്.

ബൈബിളിലെ പുറപ്പാടിന്റെയും കുടിയേറ്റക്കാരുടെയും ചിത്രങ്ങൾ നിരവധി സമാനതകൾ പങ്കിടുന്നു. മോശയുടെ കാലത്തെ ഇസ്രായേൽ ജനതയെപ്പോലെ, കുടിയേറ്റക്കാർ പലപ്പോഴും ദുരുപയോഗം, വിവേചനം, അടിച്ചമർത്തൽ, അരക്ഷിതാവസ്ഥ, വികസനത്തി നുള്ള അവസരങ്ങളുടെ അഭാവം എന്നിവയിൽ നിന്ന് പലായനം ചെയ്യുന്നു. മരുഭൂമിയിലെ യഹൂദന്മാരെപ്പോലെ, കുടിയേറ്റക്കാർ അവരുടെ പാതയിൽ നിരവധി തടസ്സങ്ങൾ നേരിടുന്നുണ്ട്: ദാഹത്താലും വിശപ്പിനാലും അവർ പരീക്ഷിക്കപ്പെടുന്നു; അവർ അധ്വാനത്താലും രോഗത്താലും തളർന്നുപോകും; അവർ നിരാശയാൽ പ്രലോഭിപ്പിക്കപ്പെടുകയും ചെയ്യും.

എന്നിരുന്നാലും, പുറപ്പാടിന്റെ അടിസ്ഥാന യാഥാർത്ഥ്യം, ഓരോ പലായനത്തിന്റെയും അടിസ്ഥാന യാഥാർത്ഥ്യം, ദൈവം തന്റെ ജനത്തെയും സകലമക്കളെയും സർവ്വസമയത്തും സ്ഥലത്തും പിന്തുടരുകയും അനുഗമിക്കുകയും ചെയ്യുന്നു എന്നതാണ്. ജനത്തിന്റെ നടുവിലെ ദൈവസാന്നിദ്ധ്യം രക്ഷാചരിത്രത്തിന്റെ ഒരു ഉറപ്പാണ്: നിങ്ങളുടെ ദൈവമായ കർത്താവാണ് കൂടെ വരുന്നത്. അവിടുന്നു നിങ്ങളെ പരാജയപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല (നിയമാവർത്തനം 31:6). ഈജിപ്തിൽ നിന്നു പുറപ്പെട്ടവർക്കു വേണ്ടി, പല മാർഗങ്ങളിലും അവർക്കു വഴികാട്ടാൻ ഒരു മേഘസ്തംഭത്തിലും, രാത്രിയിൽ പ്രകാശം നല്കാൻ ഒരു അഗ്നിസ്തംഭത്തിലും കർത്താവ് അവർക്കു മുൻപേ പോയിരുന്നു (cf. പുറപ്പാട് 13:21). ഉടമ്പടിയുടെ പെട്ടകത്തെ സംരക്ഷിച്ചിരുന്ന സമാഗമന കൂടാരം, ദൈവസാമിപ്യത്തെ അനുഭവിക്കാൻ അവരെ സഹായിച്ചു (cf. പുറപ്പാട് 33:7), ദൈവിക സംരക്ഷണം ഉറപ്പുനൽകുന്ന പിച്ചള സർപ്പത്തെ ഉറപ്പിച്ച വടി (cf. സംഖ്യ, 21:8-9), വിശക്കുന്നവർക്കും ദാഹിക്കുന്നവർക്കും ദൈവം തന്ന ദാനങ്ങളായി മന്നയും വെള്ളവും (cf. പുറപ്പാട് 16:17), കർത്താവിന് പ്രത്യേകിച്ചും പ്രിയപ്പെട്ട സാന്നിധ്യത്തിന്റെ ഒരു രൂപമാണ് കൂടാരം. ദാവീദിന്റെ ഭരണകാലത്ത് ദൈവം തന്റെ ജനത്തോടൊപ്പം 'കൂടാരത്തിൽ നിന്ന് കൂടാരത്തിലേക്കും വാസസ്ഥലത്തുനിന്നും വാസസ്ഥലത്തേക്കും' നടക്കാൻ ഒരു ദൈവാലയത്തിലല്ല, ഒരു കൂടാരത്തിൽ വസിക്കാൻ തീരുമാനിച്ചു (1 കൊറിന്ത്യർ 17:5).

കുടിയേറ്റക്കാരിൽ പലരും അവരുടെ യാത്രായിൽ അനുധാവനം ചെയ്യുന്ന ചങ്ങാതിയായും വഴികാട്ടിയായും രക്ഷയുടെ നങ്കൂരമായും ദൈവത്തെ അനുഭവിക്കുന്നു. പുറപ്പെടുന്നതിനുമുമ്പ് അവർതന്നെ അവനെ ചുമതലപ്പെടുത്തുകയും ആവശ്യമുള്ള സമയങ്ങളിൽ അവനെ അന്വേഷിക്കുകയും ചെയ്തു. നിരുത്സാഹത്തിന്റെ നിമിഷങ്ങളിൽ അവർ അവനിൽ ആശ്വാസം കണ്ടെത്തി. ദൈവത്തിന് നന്ദി, വഴിയിലുടനീളം നല്ല സമര്യക്കാർ ഉണ്ടായിരുന്നു. പ്രാർഥനയിൽ അവർ തങ്ങളുടെ പ്രതീക്ഷകളെ അവനിൽ അർപ്പിച്ചു. മരുഭൂമികൾ, നദികൾ, സമുദ്രങ്ങൾ, ഓരോ ഭൂഖണ്ഡത്തിന്റെയും അതിർത്തികൾ എന്നിവയിലൂടെയുള്ള യാത്രകളിൽ എത്രയോ ബൈബിളുകൾ, സുവിശേഷങ്ങളുടെ പകർപ്പുകൾ, പ്രാർത്ഥനാ പുസ്തകങ്ങൾ, ജപമാലകൾ എന്നിവ കുടിയേറ്റക്കാരെ അനുഗമിക്കുന്നു!

ദൈവം തന്റെ ജനത്തോടൊപ്പം നടക്കുന്നു എന്നു മാത്രമല്ല, ചരിത്രത്തിലൂടെയുള്ള യാത്രയിൽ പുരുഷൻമാരുമായും സ്ത്രീകളുമായും, പ്രത്യേകിച്ച് ദരിദ്രരുമായും പാർശ്വവത്കരിക്കപ്പെട്ടവരുമായും സ്വയം തിരിച്ചറിയുന്നു എന്ന അർത്ഥത്തിൽ അവരുടെ ഉള്ളിലും നിലനില്ക്കുന്നു. അവതാരത്തിന്റെ രഹസ്യാത്മകത ഇതിലൂടെ വിപുലീകരിക്കപ്പെടുന്നത് നമുക്ക് കാണാം.

ഇക്കാരണത്താൽ, സഹായം ആവശ്യമുള്ള എല്ലാ സഹോദരീസഹോദരന്മാരെയും പോലെ കുടിയേറ്റക്കാരനുമായുള്ള നമ്മുടെ കണ്ടുമുട്ടൽ 'ക്രിസ്തുവുമായുള്ള ഒരു കണ്ടുമുട്ടൽ കൂടിയാണ്. യേശു തന്നെ പറയുന്നുണ്ട്. വിശക്കുന്നവനും ദാഹിക്കുന്നവനും പരദേശിയും നഗ്നനും രോഗിയും തടവിലാക്കപ്പെട്ടവനുമായി നമ്മുടെ വാതിലിൽ മുട്ടുന്നത് യേശു തന്നെയാണെന്ന്' (ഹോമിലി, 'ഫ്രീ ഫ്രം ഫിയർ' മീറ്റിംഗിൽ പങ്കെടുത്തവരോടൊപ്പം കുർബാന, സാക്രോഫാനോ, 15 ഫെബ്രുവരി 2019). മത്തായി 25-ലെ അന്തിമവിധി സംശയാതീതമാണ്: 'ഞാൻ അപരിചിതനായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു' (വാക്യം 35). 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഈ ഏറ്റവും ചെറിയ സഹോദരീ സഹോദരന്മാരിൽ ഒരാളോട് ചെയ്തതുപോലെ നീ എന്നോടും ചെയ്തു' (വാക്യം 40). വഴിയിലെ ഓരോ കണ്ടുമുട്ടലും കർത്താവിനെ കണ്ടുമുട്ടാനുള്ള അവസരത്തെ പ്രതിനിധീകരിക്കുന്നു; ഇത് രക്ഷയുടെ ഒരു സന്ദർഭമാണ്, കാരണം നമ്മുടെ സഹായം ആവശ്യമുള്ള സഹോദരിയിലോ സഹോദരനിലോ യേശു സന്നിഹിതനാണ്. ഈ അർത്ഥത്തിൽ, ദരിദ്രർ നമ്മെ രക്ഷിക്കുന്നു, കാരണം അവർ കർത്താവിന്റെ മുഖം കണ്ടുമുട്ടാൻ നമ്മെ പ്രാപ്തരാക്കുന്നു (cf. മൂന്നാം ലോക ദരിദ്രദിനത്തിനായുള്ള സന്ദേശം, 17 നവംബർ 2019).

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കുമായി സമർപ്പിക്കപ്പെട്ട ഈ ദിനത്തിൽ, മാന്യമായ ജീവിത സാഹചര്യങ്ങള് തേടി സ്വന്തം നാട് വിടേണ്ടി വന്ന എല്ലാവർക്കും വേണ്ടി നമുക്ക് പ്രാർത്ഥനയിൽ ഒന്നിക്കാം.

നമുക്ക് അവരോടൊപ്പം യാത്ര ചെയ്യാം, ഒരുമിച്ച് 'സിനഡൽ' ആകാം, അവരെയും വരാനിരിക്കുന്ന സിനഡ് അസംബ്ലിയെയും 'പരിശുദ്ധ കന്യാമറിയത്തിന്റെ മധ്യസ്ഥതയ്ക്ക്, വിശ്വസ്തരായ ദൈവജനത്തിന് അവരുടെ യാത്ര തുടരുമ്പോൾ ഉറപ്പുള്ള പ്രത്യാശയുടെയും സാന്ത്വനത്തിന്റെയും അടയാളമായി ചുമതലപ്പെടുത്താം (XVI ഓർഡിനറി ജനറൽ അസംബ്ലി സിന്തസിസ് റിപ്പോർട്ട്: യാത്ര തുടരൽ).

## പ്രാർത്ഥന

ദൈവമേ, സർവ്വശക്തനായ പിതാവേ,
സ്വർഗ്ഗരാജ്യത്തിലേക്ക് യാത്ര ചെയ്യുന്ന
അങ്ങയുടെ തീർത്ഥാടക സഭയാണ് ഞങ്ങൾ.
ഞങ്ങൾ മാതൃരാജ്യത്താണ് താമസിക്കുന്നതെങ്കിലും,
വിദേശികളെന്ന പോലെയാണ്.
എല്ലാ വിദേശസ്ഥലങ്ങളും നമ്മുടെ ഭവനമാണ്,
എന്നിട്ടും ഓരോ ജന്മദേശവും നമുക്ക് അന്യമാവുന്നു.
നമ്മൾ ഭൂമിയിൽ ജീവിക്കുന്നുവെങ്കിലും,
നമ്മുടെ യഥാർത്ഥ പൗരത്വം സ്വർഗത്തിലാണ്.
താൽക്കാലിക ഭവനമായി അങ്ങ് ഞങ്ങൾക്കു തന്നിരിക്കുന്ന
ലോകത്തിന്റെ ഭാഗം കൈവശപ്പെടുത്താൻ ഞങ്ങളെ അനുവദിക്കരുത്.
കുടിയേറ്റക്കാരായ ഞങ്ങളുടെ സഹോദരീ സഹോദരന്മാരോടൊപ്പം,
അങ്ങ് ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന നിത്യവാസസ്ഥലത്തേക്ക്
നടക്കാൻ ഞങ്ങളെ സഹായിക്കണമേ.
ഞങ്ങളുടെ കണ്ണുകളും ഹൃദയങ്ങളും തുറക്കുക,
അങ്ങനെ ആവശ്യമുള്ളവരുമായുള്ള ഓരോ കൂടിക്കാഴ്ചയും
നിങ്ങളുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ
യേശുവുമായുള്ള കൂടിക്കാഴ്ചയായി മാറും.

ആമേൻ

സെന്റ് ജോ ൺ ലാറ്ററൻ, റോം, 24 മെയ് 2024, ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്മാരകം.

## ഫ്രാൻസിസ്

Copyright © Dicastero per la Comunicazione - Libreria Editrice Vaticana